പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2325 27-10-2026-ൽ മറുപടിയ്ക്ക്

വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പുതിയ സംരംഭകർക്കായുള്ള വികസന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എ. റസാഖ് മാസ്റ്റർ
ശ്രീമതി ഫാത്തിമ തഹിലിയ
ശ്രീ. ഫൈസൽ ബാബു
ശ്രീ. പി .എം. എ. സമീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ പുതുതായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

മറുപടി: പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഉൽപാദന സേവന വ്യാപാര മേഖലകളിലെ സംരംഭങ്ങൾക്ക് 50ലക്ഷം രൂപയുടെ ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെ മിഷൻ 10000 പദ്ധതിയുടെ മാർഗനിർദേശങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തുടനീളം 10,000 എം.എസ്.എം.ഇ. സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നതിനായി സമഗ്ര പദ്ധതിയായ കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം, എം.എസ്.എം.ഇ. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി മിഷൻ 1,00,000, മുതിർന്ന പൗരന്മാരുടെ ശാക്തീകരണത്തിനായുള്ള സംരംഭകത്വ സഹായ പദ്ധതി (EASE) , യുവ സംരംഭകർക്ക് 5 ലക്ഷം രൂപ പലിശരഹിത വായ്പയായി നൽകുന്ന യുവ സംരംഭകത്വ പദ്ധതി (YES) തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

(ബി) വ്യവസായ വകുപ്പ് നടപ്പിലാക്കിയ 'സംരംഭക വർഷം' പോലെയുള്ള പദ്ധതികളുടെ തുടർച്ചയായി ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും (എം.എസ്.എം.ഇ.) പുതുസംരംഭകർക്കും മൂലധന ധനസഹായം, മാർജിൻ മണി സബ്സിഡി, പലിശയിളവുകൾ എന്നിവ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

മറുപടി: എം.എസ്.എം.ഇകൾക്കും പുതുസംരംഭകർക്കുമുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംരംഭക സഹായ പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്, ഒരു കുടുംബം ഒരു സംരംഭം എന്നീ പദ്ധതികളിലൂടെ മൂലധന സഹായവും പലിശയിളവും നൽകിവരുന്നു. ഉൽപാദന സേവന വ്യാപാര മേഖലകളിലെ സംരംഭങ്ങൾക്ക് മാനദണ്ഡങ്ങൾക്ക് അനുസൃതമായി 50 ലക്ഷം രൂപ വരെ ധനസഹായം നൽകുക എന്നതാണ് മിഷൻ 10000 പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. EASE പദ്ധതിയിലൂടെ അർഹമായ സംരംഭങ്ങൾക്ക് മൂലധന നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സബ്സിഡി അടിസ്ഥാനത്തിലുള്ള റീഇംബേഴ്സ്മെന്റ് സഹായവും നൽകുന്നു.

(സി) പുതിയ സംരംഭങ്ങൾ ആരംഭിക്കുമ്പോഴുണ്ടാകുന്ന ലൈസൻസുകൾ, അനുമതികൾ എന്നിവ ലളിതമാക്കുന്നതിനായി കെ-സ്വിഫ്റ്റ് പോലെയുള്ള സിംഗിൾ വിൻഡോ സംവിധാനങ്ങൾ വഴി എന്തെല്ലാം പുതിയ ഇളവുകളും ആനുകൂല്യങ്ങളുമാണ് പുതുസംരംഭകർക്ക് നൽകിവരുന്നത്;

മറുപടി: വ്യവസായ-നിക്ഷേപ നടപടികൾ വേഗത്തിലാക്കുന്നതിനും അനുമതികൾ ലളിതമാക്കുന്നതിനുമായി K-SWIFT ഏകജാലക സംവിധാനം, ഏകീകൃത അപേക്ഷാ ഫോം (CAF), കേന്ദ്രീകൃത പരിശോധനാ സംവിധാനം (K-CIS) എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, 25 കോടി രൂപയിലധികം മൂലധന നിക്ഷേപമുള്ള പദ്ധതികൾക്ക് 75 ദിവസത്തിനകം അനുമതി ലഭ്യമാക്കുന്നതിനുള്ള 'സരൾ നിയമം' നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) കുന്ദമംഗലം നിയോജക മണ്ഡലം ഉൾപ്പെടെയുള്ള മലയോര/ഗ്രാമീണ മേഖലകളിൽ പുതിയ സംരംഭകർക്ക് ആവശ്യമായ ഇൻകുബേഷൻ കേന്ദ്രങ്ങൾ, വ്യവസായ പാർക്കുകൾ, സാങ്കേതിക പരിശീലനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ